"ഭരണഭാഷ മാതൃഭാഷ"

നം. എൻ2/71/2018/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി. 23/10/2018
Phone No. 0471 – 2328438
Email: scholarshipdpi@gmail.com

# സർക്കുലർ-3

വിഷയം :- പൊതുവിദ്യാഭ്യാസം - സ്കോളർഷിപ്പുകൾ - നാഷണൽ മീൻസ് കം - മെറിറ്റ് സ്കോളർഷിപ്പ് - ഓൺലൈൻ അപേക്ഷകളുടെ - പരിശോധന - നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന :- ഈ ഓഫീസിലെ ഇതേ നമ്പർ സർക്കുലറുകൾ തീയതി. 08/08/18, 22/09/18

പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള ഈ വർഷത്തെ (2018-19) നാഷണൽ മീൻസ് കം-മെറിറ്റ് സ്കോളർഷിപ്പിനായുള്ള അപേക്ഷകൾ ഓൺലൈൻ ആയി സമർപ്പിക്കുന്നതിനുള്ള വിശദമായ നിർദ്ദേശങ്ങൾ സൂചനകൾ പ്രകാരം നൽകിയിരുന്നു. ഈ വർഷത്തെ മീൻസ് കം-മെറിറ്റ് സ്കോളർഷിപ്പിനായുള്ള ഓൺലൈൻ അപേക്ഷകൾ ഓക്ടോബർ - 31 വരെ സമർപ്പിക്കാവുന്നതാണ്.

ഓൺലൈൻ അപേക്ഷകളുടെ സൂക്ഷ്മ പരിശോധനകൾക്കുവേണ്ടി പ്രത്യേക സമയം/ സമയ ക്രമം നിശ്ചയിച്ചിട്ടില്ല. ആയതിനാൽ ഓക്ടോബർ 31 നകം ലഭ്യമായ എല്ലാ അപേക്ഷകളും പ്രഥമാധ്യാപകർ സൂക്ഷ്മ പരിശോധന നടത്തി സമർപ്പിക്കേണ്ടതാണ്. സ്കൂൾ തലത്തിൽ നിന്നും സൂക്ഷ്മ പരിശോധന നടത്തി സമർപ്പിക്കുന്ന അപേക്ഷകൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഒക്ടോബർ 31 നകം പരിശോധിച്ച് സമർപ്പിക്കേണ്ടത്.

മീൻസ് കം-മെറിറ്റ് സ്കോളർഷിപ്പിനായുള്ള ഓൺലൈൻ അപേക്ഷകളുടെ സൂക്ഷ്മ പരിശോധനയ്ക്കു വേണ്ടി പ്രത്യേകം ഐഡിയും പാസ്‌വേർഡും ഇതിനോടകം എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും നൽകി കഴിഞ്ഞിട്ടുണ്ട്.

മീൻസ് കം-മെറിറ്റ് സ്കോളർഷിപ്പിനായുള്ള ഓൺലൈൻ അപേക്ഷകളുടെ സൂക്ഷ്മ പരിശോധനകൾക്കു വേണ്ടി പ്രഥമാധ്യാപകർക്ക് പ്രത്യേകം ഐഡി/പാസ്‌വേർഡ് ആവശ്യമില്ല. സ്കൂൾ ലോഗിൻ ചെയ്ത ശേഷം വെരിഫിക്കേഷൻ ലിങ്കിൽ ലഭിക്കുന്ന മീൻസ് കം-മെറിറ്റ് സ്കോളർഷിപ്പിനായുള്ള അപേക്ഷകൾ വെരിഫിക്കേഷൻ നടത്താവുന്നതാണ്.

2018-19 വർഷത്തെ നാഷണൽ മീൻസ് കം-മെറിറ്റ് സ്കോളർഷിപ്പിന് അർഹത നേടിയ എല്ലാ കുട്ടികളും ഓൺലൈൻ ആയി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് പ്രഥമാധ്യാപകർ ഉറപ്പു വരുത്തേണ്ടതാണ്. ഓൺലൈൻ അപേക്ഷ സമർപ്പിക്കാത്ത കുട്ടികൾക്ക് ഒരു കാരണവശാലും സ്കോളർഷിപ്പ് തുക ലഭിക്കുന്നതല്ല. മീൻസ് കം-മെറിറ്റ് സ്കോളർഷിപ്പിന് അർഹരായ കുട്ടികൾ ന്യൂന പക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പിന് അപേക്ഷിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത ഓൺലൈൻ അപേക്ഷ പിൻവലിച്ചാൽ മാത്രമേ മീൻസ് കം-മെറിറ്റ് സ്കോളർഷിപ്പിനായുള്ള ഓൺലൈൻ അപേക്ഷ സമർപ്പിക്കാൻ സാധിക്കുകയുള്ളൂ. അപേക്ഷ (ഓൺലൈൻ) സമർപ്പണത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഒരു കാരണവശാലും സമയ പരിധി ദീർഘിപ്പിച്ചു നൽകുന്നതല്ല.

ജിമ്മി.കെ.ജോസ്

അഡീഷണൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

പകർപ്പ് :-
1. എല്ലാ ഡി.ഡി.ഇ മാർക്കും
2. എല്ലാ സർക്കാർ/എയ്ഡഡ്/മറ്റ് അംഗീകാരമുള്ള സ്കൂളുകളിലെയും പ്രഥമാധ്യാപകർക്ക്
3. വൈസ്ചെയർമാർ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ് } വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾക്കു വേണ്ടി

## കൂടുതൽ വിവരങ്ങൾക്ക്

0471-2328438, 9496304015 (ആഫീസ്), 9447990477 എന്നീ നമ്പരുകളിൽ വിളിക്കാവുന്നതാണ്.